"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ശ്രീമതി.ബിന്ദു കെ.ജി, ശ്രീമതി.പ്രെജി എ. രാജു എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.349/2022 നമ്പർ കേസിലെ 04.03.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1637/2025/LSGD തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-

1. നഗരകാര്യഡയറക്ടറുടെ 09.02.2016 തീയതിയിലെ ഇ6/19710/2013 നമ്പർ ഉത്തരവ്.
2. നഗരകാര്യഡയറക്ടറുടെ 25.02.2022 തീയതിയിലെ ഇ6/19710/2013 (വോള്യം-2) നമ്പർ ഉത്തരവ്.(അനക്ഷർ എ 9)
3. ശ്രീമതി.ബിന്ദു കെ.ജി, ശ്രീമതി.പ്രെജി എ.രാജു എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.349/2022 നമ്പർ കേസിലെ 04.03.2025 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.05.2025 തീയതിയിലെ LSGD/PD/19559/2023-GEA2 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകത മൂലം യഥാസമയം പ്രമോഷനുകളും ആനുകൂല്യങ്ങളും നഷ്ടമായതായി ആരോപിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ശ്രീമതി.ബിന്ദു കെ.ജി, ശ്രീമതി.പ്രെജി എ.രാജു എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.349/2022 നമ്പർ കേസിലെ 04.03.2025 തീയതിയിലെ ഉത്തരവിൽ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിനുമുമ്പ് അപേക്ഷകരെ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയിട്ടില്ലായെന്നും ആയതിനാൽ കേസിലെ ഇരു കക്ഷികൾക്കും നേരിൽ കേൾക്കുന്നതിന് ഒരു അവസരം നൽകിയതിനുശേഷം സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിൽ വിധി പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ഒരു തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. ഇക്കാലയളവിൽ നടത്തുന്ന എല്ലാ പ്രൊമോഷനുകളും ഒന്നാം എതിർകക്ഷിയുടെ

ഇക്കാര്യത്തിലുള്ള തീരുമാനത്തിന് വിധേയമായിരിക്കും എന്നും ഉത്തരവായിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 03.06.2025 തീയതിയിൽ അപേക്ഷകരായ ശ്രീമതി.ബിന്ദു കെ.ജി, ശ്രീമതി.പ്രെജി .എ.രാജു എന്നിവരേയും എതിർകക്ഷികളായ ശ്രീ. സുനിതബീവി.എം.എസ്., ശ്രീ.ബിന്ദു.എ, ശ്രീ.സജിതബീവി.എം.എസ്, ശ്രീ.ഷിമി.എ.എസ്., ശ്രീ.വിബിൻ ചന്ദ്രോത്ത് എന്നിവരെയും നേരിൽ കേട്ടു. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹിയറിംഗിൽ സന്നിഹിതരായിരുന്നു.

3. ശ്രീമതി.ബിന്ദു കെ.ജി, ശ്രീമതി.പ്രേജി രാജു എ. എന്നിവർ ചുവടെ ചേർത്ത പ്രകാരം അറിയിച്ചു.

'ബഹു.നഗരകാര്യ ഡയറക്ടറുടെ 09.02.2016 തീയതിയിലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബഹു.നഗരകാര്യ ഡയറക്ടറുടെ 08.12.17 ലെ ഉത്തരവ് പ്രകാരം അനുവദിച്ച റേഷ്യോ പ്രൊമോഷൻ ഉത്തരവിൽ യഥാക്രമം 30.03.2016, 01.04.2016 എന്നീ തീയതികളിൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് ടിയാളുകൾക്ക് യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിട്ടുള്ളതാണ്. പിന്നീട് 20.03.2019 ലെ ഇ9-19710/2013 ഉത്തരവ് പ്രകാരം 09.02.2016 ലെ ഗ്രഡേഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് യഥാക്രമം 01.06.2018, 01.08.2018 എന്നീ തീയതികളിൽ സ്ഥാനകയറ്റം നൽകിയിട്ടുള്ളതാണ്. എന്നാൽ 20.03.2019 ലെ പ്രൊമോഷൻ ഉത്തരവ് 3 വർഷങ്ങൾക്കുശേഷം 25.02.2022 ൽ ഭേദഗതി ചെയ്തപ്പോൾ 18.10.2021 വരെ നിലനിന്നിരുന്ന അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരിഗണിക്കാതെയും ശരിയായ രീതിയിൽ ഗ്രഡേഷൻ ലിസ്റ്റ് പുനഃസ്ഥാപിക്കാതെയുമാണ് ഉത്തരവ് ഇറക്കിയത്. ഗ്രഡേഷൻ ലിസ്റ്റിൽ മാറ്റങ്ങൾ വരുത്തുമ്പോൾ ബാധകമായ ജീവനക്കാരെ അറിയിക്കേണ്ടതും അവരുടെ ഭാഗം കൂടി ആരായേണ്ടതുമാണ്. ഇത്തരം നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതെ നിലവിലെ ഗ്രഡേഷൻ ലിസ്റ്റിൽ മാറ്റം വരുത്തിയത് KSR Rules ന് വിരുദ്ധമാണ്. മാത്രമല്ല ഇത്തരത്തിൽ പ്രൊമോഷൻ ഉത്തരവ് ഭേദഗതി ചെയ്യുമ്പോൾ 09.02.2016 ലെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ടി കാലയളവുകളിൽ അനുവദിച്ച എല്ലാ പ്രമോഷൻ/റിവേർഷൻ ഉത്തരവുകളും ജീവനക്കാർക്ക് സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ (Finance Dept.No.87/63 dated 30.11.1963) പുനഃസ്ഥാപിച്ചാൽ മാത്രമേ നടപടിക്രമങ്ങൾ ശരിയാവുകയുള്ളു എന്ന് അറിയിക്കുകയുണ്ടായി. 09.02.2016 ലെ സീനിയോറിറ്റി ലിസ്റ്റിൽ തങ്ങൾ അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിലാണ് ഉൾപ്പെട്ടിരുന്നത് എന്നും മറ്റുള്ളവരുടെ വിവരങ്ങളെക്കുറിച്ച് തങ്ങൾക്ക് ധാരണയുണ്ടായിരുന്നില്ല എന്നും അവർ അറിയിക്കുകയുണ്ടായി. നഗരകാര്യ വകുപ്പിൽ തങ്ങൾ ഉൾപ്പെടെയുള്ള ടൈപ്പിസ്റ്റുമാരുടെ സർവ്വീസ് കാര്യങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടാത്ത സ്ഥിതി വിശേഷമാണെന്നും 2016 ൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് പലർക്കും യഥാസമയം പ്രമോഷനുകളും ആനുകൂല്യങ്ങളും നഷ്ടമായതെന്നും അറിയിച്ചു. ഇനിയെങ്കിലും അപാകതകൾ പരിഹരിച്ച് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ബോധിപ്പിച്ചു. '

4. OA(EKM) No.349/2022 നമ്പർ കേസിലെ എതിർകക്ഷികളായ ശ്രീമതി.ബിന്ദു എ, ശ്രീമതി.സുനിതാബീവി എം.എസ് മുതലായവർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതകൾ കാരണം അർഹതപ്പെട്ട പ്രമോഷനുകൾ അർഹതപ്പെട്ട കാലയളവിൽ

ലഭിക്കാത്തതുമൂലം നഷ്ടമായ ഇൻക്രിമെന്റ്, ശമ്പളം, കുടിശ്ശിക മുതലായ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നും ശമ്പളം പുനഃക്രമീകരിച്ച് നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു-

'നഗരകാര്യ ഡയറക്ടർ 18.10.2021 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്ന മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമസീനിയോറിറ്റി പട്ടികയിൽ അപേക്ഷകരായ ശ്രീമതി.പ്രെജി എ.രാജു, ശ്രീമതി.ബിന്ദു കെ.ജി എന്നിവർ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ യഥാക്രമം ക്രമ നം.38, 39 ആയി ഉൾപ്പെട്ടിരുന്നു. ടി സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ച ശേഷം ടി പട്ടികയിൽ ക്രമ നം.40 ആയ ശ്രീമതി.സജിതാബീവി ടിയാളുടെ സീനിയോറിറ്റി ക്രമ നം.30 ആക്കി മാറ്റണമെന്നും യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ക്രമ നം. 1, 2 ആയി ഉൾപ്പെട്ട ശ്രീമതി.സുനിതാ ബീവി, ശ്രീമതി.ബിന്ദു എ എന്നിവർ തങ്ങൾക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഉദ്യോഗക്കയറ്റം നൽകി സീനിയർ ഗ്രേഡ് സീനിയോറിറ്റി പട്ടികയിൽ ക്രമ നം.31, 32 ആയി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ടി ജീവനക്കാരുടെ അർഹത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നഗരകാര്യ ഡയറക്ടർ 25.02.2022 തീയതിയിലെ ഇ9/19710/13 (Vol-2) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നത്. 29.01.2016 അടിസ്ഥാനമാക്കി നഗരകാര്യ ഡയറക്ടർ അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി പട്ടികയിലെ ക്രമ പ്രകാരമാണ് ശ്രീമതി.പ്രെജി എ.രാജു, ശ്രീമതി.ബിന്ദു കെ.ജി എന്നിവർക്ക് യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നത്. എന്നാൽ നിയമന ശിപാർശ തീയതിയും നിയമന ശിപാർശയിലെ ക്രമവും അടിസ്ഥാനമാക്കി ക്രമീകരിക്കേണ്ട ടി എൽ.ഡി.ടൈപ്പിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ ശ്രീമതി.സജിതാ ബീവി, ശ്രീമതി.സുനിതാബീവി, ശ്രീമതി.ബിന്ദു എ, ശ്രീമതി.ബിന്ദു കെ.ജി എന്നിവരുടെ നിയമന ശിപാർശ തീയതി തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. ടി എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ അഡ്വൈസ് തീയതി രേഖപ്പെടുത്തിയതിൽ വന്ന പിഴവാണ് തുടർന്ന് ഉദ്യോഗക്കയറ്റത്തിലും സീനിയോറിറ്റി ക്രമങ്ങളിലും വ്യത്യാസം വരാൻ കാരണമായിട്ടുള്ളത്. 25.02.2022 തീയതിയിലെ ഇ9/19710/2013 (വോള്യം-2) നമ്പർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ വന്ന അപാകത പരിഹരിച്ചുകൊണ്ട് റേഷ്യോ പ്രൊമോഷൻ ഭേദഗതി ചെയ്യുകയും ആയത് പ്രകാരം ഗ്രഡേഷൻ ലിസ്റ്റ് ക്രമപ്പെടുത്തി ഉത്തരവാകുകയുമാണ് ചെയ്തിട്ടുള്ളത്.

25.02.2022 തീയതിയിലെ ഇ9-19710/13 ഉത്തരവിൽ സീനിയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ പുനഃക്രമീകരിക്കപ്പെട്ട ജീവനക്കാരുടെയും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം ലഭിച്ചവരുടെയും വിവരം നിയമന ശുപാർശ തീയതിയുടെ ക്രമത്തിൽ ക്രമീകരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | പേര്/തസ്തിക | നിയമന ശുപാർശ തീയതിയും തീയതിയിലെ നിയമന ശുപാർശയിലെ ക്രമ നമ്പരും | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി അനുവദിച്ചിരുന്നത് | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഉദ്യോഗക്കയറ്റ പ്രാബല്യം പുതുക്കി അനുവദിച്ചത് |
|---|---|---|---|---|
| 1 | സജിതാ ബീവി | 22.08.2012 | 21.08.2018 | 01.05.2017 |

| | | | | |
|---|---|---|---|---|
| | എം.എസ് | (ക്രമ നം.29) | | |
| 2 | സുനിതാ ബീവി എം.എസ് | 22.08.2012 (ക്രമ നം.71) | നൽകിയിരുന്നില്ല | 01.06.2017 |
| 3 | ബിന്ദു എ | 22.08.2012 (ക്രമ നം.54) | നൽകിയിരുന്നില്ല | 01.06.2017 |
| 4 | സവിത ശങ്കർ | 25.08.2012 (ക്രമ നം.48) | 01.05.2017 | 01.06.2017 |
| 5 | എൻ.സൂരജ് | 25.08.2012 (ക്രമ നം.53) | 01.06.2017 | 13.10.2017 |
| 6 | ദിവ്യ ബി.നായർ | 25.08.2012 (ക്രമ നം.56) | 01.06.2017 | 07.11.2017 |
| 7 | ലേഖ എ.അർ | 25.08.2012 (ക്രമ നം.58) | 01.06.2017 | 07.11.2017 |
| 8 | റ്റി.കെ.മഹേഷ് | 25.08.2012 (ക്രമ നം.59) | 13.10.2017 | 01.02.2018 |
| 9 | സുമ എ.എസ് | 25.08.2012 (ക്രമ നം.60) | 07.11.2017 | 01.06.2018 |
| 10 | സജീന കെ.എ | 25.08.2012 (ക്രമ നം.121) | 07.11.2017 | 01.08.2018 |
| 11 | സന്ധ്യ നാരായണൻ | 25.08.2012 (ക്രമ നം.119) | 01.02.2018 | 21.08.2018 |
| 12 | പ്രെജി എ.രാജു | 25.08.2012 (ക്രമ നം.131) | 01.06.2018 | 01.06.2019 |
| 13 | രേഖ വി.ഭദ്രൻ | 07.09.2012 (ക്രമ നം.2) | 01.08.2018 | 01.06.2019 |
| 14 | വിബിൻ ചന്ദ്രോത്ത് | 07.09.2012 (ക്രമ നം.41) | | 01.06.2019 |
| 15 | ഷിമി എ.എസ് | 11.09.2012 (ക്രമ നം.50) | | 19.07.2019 |
| 16 | ജസീല ജെ | 11.09.2012 (ക്രമ നം.61) | | 01.06.2020 |
| 17 | ബിന്ദു കെ.ജി | 13.09.2012 (ക്രമ നം.31) | | 01.06.2020 |
| 18 | സജിത എ.ചേരിക്കാട്ടിൽ | 26.09.2012 (ക്രമ നം.29) | | 01.06.2020 |
| 19 | രഞ്ജിനി പി.ആർ | 26.09.2012 (ക്രമ നം.30) | | 01.07.2020 |
| 20 | റ്റി.എസ്.സ്വപ്ന | 26.09.2012 (ക്രമ നം.80) | | 01.07.2020 |
| 21 | റ്റി.വി.പ്രിയ | 26.09.2012 | | 01.01.2021 |

| | | | | |
|---|---|---|---|---|
| | | (ക്രമ നം.81) | | |
| 22 | നന്ദിനി സി.ആർ | 26.09.2012 (ക്രമ നം.116) | | 01.05.2021 |
| 23 | പ്രശാന്ത് കെ | 19.11.2012 (ക്രമ നം.3) | | 01.06.2021 |
| 24 | ഷൈനി സി.ആർ | 22.12.2012 (ക്രമ നം.3) | | 01.06.2021 |

അപ്രകാരം അപേക്ഷകരുടെയും എതിർ കക്ഷികളുടെയും നിയമന ശിപാർശ തീയതി അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ റേഷ്യോ പ്രൊമോഷൻ ഭേദഗതി വരുത്തി ഗ്രഡേഷൻ ലിസ്റ്റ് പുനഃക്രമീകരണം നടത്തിയതും ആയതിനെ തുടർന്ന് സീനിയർ ഗ്രേഡ് ഉദ്യോഗക്കയറ്റം അനുവദിച്ചതും ക്രമപ്രകാരമാണ്. 2016 ൽ എൽ.ഡി.ടൈപ്പിസ്റ്റ് സീനിയോറിറ്റി അന്തിമമാക്കിയപ്പോഴോ ആയത് പ്രകാരം യു.ഡി.ടൈപ്പിസ്റ്റ് ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട സമയത്തോ സീനിയോറിറ്റി പട്ടിക അന്തിമമാക്കിയ സമയത്തോ സീനിയോറിറ്റി സംബന്ധിച്ച് തർക്കം ഉന്നയിക്കപ്പെട്ടിട്ടില്ല എന്നതാണ് അപേക്ഷകരുടെ വാദം. സീനിയോറിറ്റി പട്ടിക അന്തിമമാക്കിയ ശേഷമാണ് സീനിയോറിറ്റി സംബന്ധിച്ച തർക്കം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. നിയമപരമായ വ്യവസ്ഥകൾക്ക് അനുസരണമല്ലാതെ തെറ്റായി നിശ്ചയിക്കപ്പെട്ട സീനിയോറിറ്റി തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് സിറ്റ് ബാക്ക് തിയറിയുടെ ആനുകൂല്യം അപേക്ഷകർക്ക് ലഭ്യമാക്കാൻ കഴിയില്ല എന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ പരാമർശിക്കുന്നു. എന്നാൽ അപേക്ഷകരെ നേരിൽ കേൾക്കാതെയാണ് സീനിയോറിറ്റി പുനഃക്രമീകരിച്ചിട്ടുള്ളത് എന്നതിനാൽ അപേക്ഷകരെയും എതിർകക്ഷികളെയും നേരിൽ കേട്ട് നിയമാനുസൃത തീരുമാനം കൈക്കൊള്ളണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ അപേക്ഷകരുടെയും എതിർകക്ഷികളുടെയു മേൽ പട്ടികയിലെ നിയമന ശുപാർശ തീയതി പ്രകാരമുള്ള സ്ഥാനക്രമം കൂടി പരിഗണിച്ച് ഉദ്യോഗക്കയറ്റ പ്രാബല്യ തീയതിയും സീനിയോറിറ്റിയും പുനഃക്രമീകരിച്ചത് അംഗീകരിക്കാവുന്നതാണ്.'

6. സർക്കാർ ഇക്കാര്യം, അപേക്ഷകരുടേയും എതിർകക്ഷികളുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ, വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം കണ്ടെത്തിയ വിവരങ്ങൾ ഈ ചുവടെ ചേർക്കുന്നു--

മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് OA 349/2022 നമ്പർ കേസിലെ 3 മുതൽ 9 വരെ എതിർ കക്ഷികളായവർ ചുവടെ ചേർത്ത പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അഡ്വൈസ് ചെയ്യപ്പെട്ടിട്ടുണ്ട്.

i). സജിതാബീവി എം.എസ് - 22.08.2012
ii). സുനിതാബീവി എം.എസ് - 22.08.2012
iii). ബിന്ദു എ - 23.08.2012
iv). രേഖ വി.ഭദ്രൻ - 07.09.2012
v). വിബിൻ ചന്ദ്രോത്ത് - 07.09.2012
vi). ഷിമി എ.എസ് - 11.09.2012
vii). ജസീല ജെ - 11.09.2012

ഇവർ വിവിധ തീയതികളിലായി സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ 09.02.2016 ലെ നടപടിക്രമം പ്രകാരം എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. അഡ്വൈസ് തീയതി/നിയമന തീയതി

അടിസ്ഥാനമാക്കിയാണ് ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ആയത് പ്രകാരം അപേക്ഷകരായ ശ്രീമതി.പ്രെജി.എ രാജു, ശ്രീമതി.ബിന്ദു കെ.ജി. മുതലായവർ അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിലും 3 മുതൽ 7 വരെയുള്ള എതിർകക്ഷികൾ നിയമനതീയതിയുടെ അടിസ്ഥാനത്തിലും ക്രമീകരിക്കപ്പെട്ടു. തൽഫലമായി 22.08.2012 തീയതിയിൽ നിയമനശിപാർശ ലഭിച്ചതും 01.10.2012 തീയതിയിൽ നിയമിതരായവരുമായ സ/ശ്രീമതി.സജിതാബീവി, സുനിതാബീവി എന്നിവർ ഗ്രഡേഷൻ ലിസ്റ്റിൽ യഥാക്രമം 30, 31 ആയും 25.08.2012, 13.09.2012 തീയതികളിൽ നിയമനശിപാർശ ലഭിച്ച സ/ശ്രീമതി.പ്രെജി എ.രാജു, ശ്രീമതി.ബിന്ദു കെ.ജി എന്നിവർ യഥാക്രമം 28, 29 എന്നീ ക്രമനമ്പർ പ്രകാരവും അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു.

ടി ലിസ്റ്റിൻറെ വെളിച്ചത്തിൽ, നഗരകാര്യ ഡയറക്ടറുടെ 20.03.2019 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകരായ സ/ശ്രീമതി.പ്രെജി എ.രാജു, ശ്രീമതി.ബിന്ദു കെ.ജി എന്നിവർക്ക് യഥാക്രമം 01.06.2018, 01.08.2018 തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചിരുന്നു.

18.10.2021 തീയതിയിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കണമെന്നും സീനിയോറിറ്റി ക്രമപ്പെടുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 3 മുതൽ 5 വരെയുള്ള എതിർകക്ഷികൾ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.പ്രെജി.എ.രാജു, ശ്രീമതി.ബിന്ദു കെ.ജി എന്നിവർക്ക് 01.06.2018, 01.08.2018 തീയതികളിൽ അനുവദിച്ച സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് പ്രമോഷനിൽ നിന്ന് 25.02.2022 ലെ ഉത്തരവ് പ്രകാരം തരംതാഴ്ത്തി. അതേ തീയതിയിലെ മറ്റൊരു ഉത്തരവ് പ്രകാരം 01.06.2019, 01.06.2020 തീയതികളിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി പ്രമോഷൻ നൽകി.

7. മേൽ ഉത്തരവിനെതിരെയാണ് ബിന്ദു കെ.ജി, പ്രെജി മുതലായവർ ബഹു.ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.349/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളത്.

8. KS&SS Rule Rule 27(c) താഴെ ചേർക്കും പ്രകാരമാണ്

*(c) Notwithstanding anything contained in clauses (a) and (b) above, the seniority of a person appointed to a class, category or grade in a service on the advice of the Commission shall, unless he has been reduced to a lower rank as punishment, be determined by the date of first effective advice made for his appointment to such class, category or grade and when two or more persons are included in the same list of candidates advised, their relatives seniority shall be fixed according to the order in which their names are arranged in the advice list:*

*Provided that the seniority of candidates who have been granted extension of time to join duty beyond three months from the date of the appointment order, except those who are undergoing courses of study or training which are prescribed as essential qualification for the post to which they are advised for appointment, shall be determined by the date of their joining duty:*

9. മേൽ റൂൾ പ്രകാരം 09.02.2016 ലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ലെന്ന് കാണാവുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ നിയമന ശിപാർശ തീയതിക്ക് പകരം നിയമനതീയതിയുടെ അടിസ്ഥാനത്തിലും ജീവനക്കാരുടെ

സീനിയോറിറ്റി ക്രമീകരിച്ചിരിക്കുന്നു. ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിൽ, മേൽ സീനിയോറിറ്റി ലിസ്റ്റിൽ കക്ഷികളുടെ നിയമനശിപാർശ തീയതി സംബന്ധിച്ച യാതൊരു സൂചനയും ലഭ്യമല്ലെന്നും എത്ര സൂക്ഷ്മതയുള്ള വ്യക്തിക്കും നിയമന ശിപാർശ തീയതിയാണോ നിയമന തീയതിയാണോ ആയതിൽ സൂചിപ്പിച്ചിരിക്കുന്നത് എന്നത് ഗ്രഹിക്കുവാൻ കഴിയില്ലെന്നും നിരീക്ഷിച്ചിട്ടുണ്ട്. ഏകീകൃത സ്വഭാവത്തോടെയുള്ള വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽതന്നെ കക്ഷികൾക്ക് അഹിതമായി എന്തെങ്കിലും വസ്തുത ഉണ്ടോ എന്നത് സ്ഥിരീകരിക്കുവാൻ കഴിയില്ലാ എന്നും ബഹു.ട്രൈബ്യൂണൽ നിരീക്ഷിച്ചു. സിറ്റ് ബാക്കി തിയറിയിലൂടെ ആനുകൂല്യം അപേക്ഷകർക്ക് അനുവദിക്കാൻ കഴിയില്ലാത്തതും എതിർകക്ഷികൾ ചട്ടങ്ങൾക്ക് വിരുദ്ധമായി സീനിയോറിറ്റി നിർണ്ണയിച്ചതിലെ അപാകത മൂലമുണ്ടായ തിക്തഫലം അനുഭവിച്ചവരുമാണ്.

10. മേൽ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി അന്തിമമാക്കിക്കൊണ്ടുള്ള നഗരകാര്യവകുപ്പ് ഡയറക്ടറുടെ 09.02.2016 ലെ സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്ത് KS&SSR Rule 27(c) പ്രകാരം സീനിയോറിറ്റി പുതുക്കി നിർണ്ണയിച്ച് ലിസ്റ്റ് തയ്യാറാക്കുവാനും ആയത് അന്തിമമാക്കിയതിനുശേഷം തുടർ സീനിയോറിറ്റി ലിസ്റ്റുകളും അപ്രകാരം പരിഷ്കരിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ മേൽ ട്രിബ്യൂണൽ കേസിലെ അപേക്ഷകർക്കും 3 മുതൽ 9 വരെയുള്ള എതിർകക്ഷികൾക്കും ഗ്രേഡ് പ്രമോഷനുകൾ നൽകിയിട്ടുണ്ടെങ്കിൽ, ആയത് പുതുക്കിയ സീനിയോറിറ്റി പട്ടികയുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ, പരിശോധിച്ച് ക്രമരഹിതവും അന്യായവുമായ പ്രമോഷനുകൾ മൂലമുള്ള ഏതെങ്കിലും സാമ്പത്തിക തിരിച്ചടവുകൾ ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

8. മേൽ പ്രകാരം OA(EKM) No.349/2022 നമ്പർ കേസിലെ 04.03.2025 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

ശ്രീമതി.ബിന്ദു കെ.ജി, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ചാലക്കുടി മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി.പ്രെജി എ. രാജു, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്,കൊച്ചി കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. സുനിതബീവി.എം.എസ്./ശ്രീ.ബിന്ദു.എ,/ശ്രീ.സജിതബീവി.എം.എസ്,/ശ്രീ.ഷിമി.എ.എസ്./ശ്രീ. രേഖ വി ഭദ്രൻ/ശ്രീ. ജസീല ജെ./ശ്രീ.വിബിൻ ചന്ദ്രോത്ത്, സീനിയർ ഗ്രേഡ്/യു.ഡി. ടൈപ്പിസ്റ്റ്, മുനിസിപ്പൽ കോമൺ സർവ്വിസ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 04-07-2025 10:20:31

സെക്ഷൻ ഓഫീസർ